# ആത്മഹത്യ ചെയ്തവർക്കു വേണ്ടിയുള്ള ശവസംസ്ക്കാര ശുശ്രൂഷക്രമം

(ആത്മഹത്യ ചെയ്യുന്നവർ പ്രത്യക്ഷത്തിൽ പ്രത്യാശയോടെയല്ല മരിക്കുന്നത്. അതുകൊണ്ട് മറ്റു വിശ്വാസികൾക്കു നടത്തുന്ന ശവശംസ്കാര ശുശ്രൂഷ അവർക്കു നൽകുന്നില്ല. ഹ്രസ്വമായ ഒരു ശുശ്രൂഷ അതിനുവേണ്ടി ക്രമീകരിച്ചിരിക്കുന്നു.

ഒരു സഭാംഗം ആത്മഹത്യ ചെയ്തതായി ആ വ്യക്തിയുടെ ബന്ധപ്പെട്ടവർ അറിയിച്ചാൽ ഇടവകപ്പട്ടക്കാരൻ (വികാരി) ശവസംസ്കാര ശുശ്രൂഷ നടത്തിക്കൊടുക്കണം. വീട്ടിൽ വച്ചുള്ള ശുശ്രൂഷയ്ക്കു ശേഷം കുടുംബാംഗങ്ങൾക്ക് ആശ്വാസം നൽകുന്ന പ്രബോധനം നൽകുന്നത് ഉചിതമായിരിക്കും. എന്നാൽ വിലാപയാത്രയിൽ വൈദികൻ പങ്കെടുക്കേണ്ടതില്ല. പള്ളിയിൽ വച്ചുള്ള ശുശ്രൂഷ ഇതിൽ കാണിച്ചിട്ടുള്ളപ്രകാരം നടത്തണം. മരണാനന്തരം ഓർമ്മ കുർബാന നടത്തുമ്പോൾ കബറിങ്കൽ ധൂപപ്രാർത്ഥന നടത്താം. എന്നാൽ ഭവനത്തിലെ ചടങ്ങുകളിൽ പട്ടക്കാരൻ പങ്കെടുക്കേണ്ടതില്ല).

## ഭവനത്തിൽ വച്ചുള്ള ശുശ്രൂഷ

### കൗമ

**ദൈവമേ! നീ പരിശുദ്ധനാകുന്നു**

**ബലവാനേ! നീ പരിശുദ്ധനാകുന്നു**

**മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു**

**ഞങ്ങൾക്കുവേണ്ടി (✞) കുരിശിക്കപ്പെട്ടവനേ!**

**ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.**

ദൈവമേ! നീ പരിശുദ്ധനാകുന്നു
ബലവാനേ! നീ പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു
ഞങ്ങൾക്കുവേണ്ടി (✞) കുരിശിക്കപ്പെട്ടവനേ!
ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു
ബലവാനേ! നീ പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു
ഞങ്ങൾക്കുവേണ്ടി (✞) കുരിശിക്കപ്പെട്ടവനേ!
ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

ദൈവമെ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ നിന്റെ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ രാജാവേ! നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ! നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ! നിനക്കു സമാധാനം. ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാ

കുന്നു. നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യക മർത്തമറിയമെ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളേണമെ. ആമ്മീൻ.

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ! കരുണാസമുദ്രമാകുന്ന നിന്നെ ഞാൻ നോക്കുന്നു. എന്തെന്നാൽ എന്റെ കടങ്ങൾ വർദ്ധിക്കുകയും എന്റെ കുറ്റങ്ങൾ ശക്തിപ്പെടുകയും ചെയ്തിരിക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പാകൊണ്ട് എന്റെമേൽ തളിക്കേണമെ. എന്റെ കണ്ണുനീരാൽ എന്നെ വെണ്മയാക്കണമെ. നിന്റെ പിതാവിന്റെ സ്നേഹത്തോടു ഞാൻ യാചിക്കുന്നു. എന്റെ ശത്രുക്കൾ എന്നെ പരിഹസിക്കുമാറാകരുതെ. എന്നാലോ അന്യായത്തിൽ നിന്നു മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് മാലാഖമാർ സന്തോഷിക്കുകയും അനുതാപികൾക്കായി രാവും പകലും വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു എന്നു പറയുകയും ചെയ്യുമാറാകണമെ. "നീതിമാന്മാർക്കു വേണ്ടിയല്ല എന്നാലോ പാപികൾ അനുതാപികളായി തീരേണ്ടതിലേയ്ക്കത്രേ ഞാൻ വന്നിരിക്കുന്നത്" എന്നരുളിച്ചെയ്ത കർത്താവേ! ദുരിതക്കുഴിയിൽ നിന്നും നാശത്തിന്റെ ചെളിയിൽ നിന്നും പുറത്തെ അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. അന്ത്യനാളിൽ സഹദേന്മാർ കിരീടം പ്രാപിക്കുമ്പോൾ ഞങ്ങളും അവരോടൊന്നിച്ച് മണവറയിൽ പ്രവേശിക്കുകയും നിനക്കു മഹത്വം പാടുകയും ചെയ്യുമാറാകണമെ.

ഹോശോ.....

## എക്ബോ

**(ശ്മായോനെ ശുബഹോ രീതി)**

(വാഴ്ത്തുന്നു വാനവർ വാനിൽ.....)

ശിഷ്ടരെയും ദുഷ്ടരെയും തൻ
വാതിൽ തുറന്നേറ്റും നാഥാ

**നിൻ കരുണാവാതിൽ തുറന്നി-**
**ത്താപിയെ നീ കൈക്കൊള്ളേണം**

## പ്രാർത്ഥന

കാരുണ്യവാനും ദയാലുവും തന്റെ കൈവേലയോടു ദയ ചെയ്യുകയും രഹസ്യ കാര്യങ്ങൾ അറിയുകയും ഹൃദയങ്ങളെ പരിശോധിക്കുകയും ചെയ്യുന്ന ദൈവമായ കർത്താവേ! നിന്റെ മനുഷ്യപ്രീതിയാൽ നീ പരിശുദ്ധമായ മഹോന്നതത്തിൽ നിന്ന് ഇറങ്ങി വന്ന് വിനാശകരമായ ജീർണ്ണതയിൽ നിന്ന് ആദമിനെയും സന്താനങ്ങളെയും രക്ഷിപ്പാൻ വേണ്ടി മനുഷ്യാവതാരം ചെയ്തുവല്ലോ. പാപിനിയായ സ്ത്രീയുടെ കടങ്ങളും പാപങ്ങളും മോചിച്ചവനായ കർത്താവേ! നിന്റെ വിശുദ്ധ മഹോന്നതത്തിൽ നിന്ന് ഈ ദാസനെ (ദാസിയെ) കടാക്ഷിച്ച് ഇവന്റെ (ഇവളുടെ) പാപങ്ങൾ ക്ഷമിച്ച് ഇവനെ (ളെ) നീ വിശുദ്ധീകരിക്കണമെ. എളിയവരും അരിഷ്ടരുമായ നിന്റെ ദാസരാകുന്ന ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകി നിന്റെ ഈ ദാസനെ (സിയെ) നീ കൃപാപൂർവ്വം സ്വീകരിക്കണമെ. വചനത്താലോ, പ്രവൃത്തിയാലോ, മനസ്സോടൊ മനസ്സുകൂടാതെയോ, അറിഞ്ഞോ അറിയാതെയോ ഇവൻ (ൾ) ചെയ്തു പോയിട്ടുള്ള സകല പാപങ്ങളെയും ക്ഷമിക്കണമെ. സകല മാലിന്യങ്ങളിൽ നിന്നും പിഴകളിൽ നിന്നും തെറ്റുകളിൽ നിന്നും ഇവനെ (ളെ) നിർമ്മലീകരിച്ച് ശുദ്ധീകരിക്കണമെ. നിന്റെ കരുണയിൻചിറകിൻ കീഴിൽ ഇവനെ (ളെ) കൈക്കൊള്ളുകയും ചെയ്യുമാറാകണമെ.

ഹോശൊ......

## ധൂപ പ്രാർത്ഥന

**മക്കളിലപ്പൻ കൃപ......**
**ശരണത്താലെ......**
**രക്ഷകനെ നിൻ.....** ശുബഹോ...... മെനഓലം.....
**മൃതരെ ജീവിപ്പിപ്പാൻ......**

കരുണ നിറഞ്ഞവനെ!-പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമെ
നിന്നിൽ നിദ്രയട-ഞ്ഞാഗമനം കാക്കും
മൃതരിൽ ശാന്തിയണ-ച്ചേകുക പരിഹാരം
നിന്നഭയേമൃതരെ-അബ്രഹാമിസഹാക്ക്
യാക്കോബെന്നിവർതൻ-മടിയിൽ പാർപ്പിക്ക
വന്നവനാം വരുവോൻ-മൃതരെയേറ്റുന്നോൻ
സ്തുതനെന്നാർത്തീടും-മെയ്യോടാത്മാവും.

## പള്ളിയിൽ വച്ചുള്ള ശുശ്രൂഷ

### ഒരു കൗമ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ..... ഇത്യാദി

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ കർത്താവേശുമശിഹാ നിന്റെ കരുണാവാതിലിൽ ഞങ്ങൾ മുട്ടുകയും സർവ്വസൗഭാഗ്യസമ്പൂർണ്ണമായ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു പാപങ്ങൾക്കും കുറ്റങ്ങൾക്കും മോചനം യാചിക്കുകയും ചെയ്യുന്നു. കർത്താവേ ഈ സമയത്തു ദയവോടെ ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ക്ലേശപൂർണ്ണമായ ഈ ലോകത്തിൽ നിന്നും വേർപെട്ടുപോയ ഈ ദാസനെ (ദാസിയെ) കടാക്ഷിക്കണമെ. സകല സൃഷ്ടിക്കും നാഥനായ ദൈവമെ! അവസാന ദിനത്തിൽ ഇവൻ (ൾ) നിന്റെ കരുണയെ കാണുകയും നിന്റെ നാമത്തെ സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമെ.

ഹോശോ.....

*(കരുണ നിറഞ്ഞവനെ.... രീതി.... 6-ാം നിറം)*

എൻ കടപാപങ്ങൾ തിരുമുമ്പാകെ ഞാൻ
ചൊന്നർത്ഥിക്കുന്നേൻ നാഥാ കൃപ ചെയ്ക.

വിധി നേരായ് നൽകും സത്യവിധീശ്വരനെ
വിധിയിൽ ചേർക്കരുതെ പിഴകളുമോർക്കരുതെ

## പ്രാർത്ഥന

ദൈവാധിദൈവവും, കർത്താധി കർത്താവും തന്നെ വിളിക്കുന്നവർക്കു മറുപടി നൽകുന്നവനുമായുള്ളോവേ, ബലഹീനരും പാപികളുമായ ഞങ്ങൾ അയോഗ്യരെങ്കിലും ഞങ്ങളുടെ ബലഹീനമായ പ്രാർത്ഥനയെ സ്വീകരിക്കണമെ. നിന്റെ സ്ലീബായെ വന്ദിക്കുകയും പുതിയ ജീവന്റെ വാഗ്ദാനമായ നിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള ഒരുവനെയും നീ ഉപേക്ഷിക്കരുതെ. ദയാലുവായ ദൈവമെ, മാമ്മോദീസാ മൂലം നൽകിയതായ പ്രകാശവസ്ത്രവും മൂറോനാകുന്ന മുദ്രയും ഇവനിൽ (ളിൽ) നിന്ന് ഉരിഞ്ഞു കളയരുതെ. നിന്റെ രാജ്യത്തിലുള്ള വാസത്തിൽ നിന്നും ദൂരെ അകറ്റിക്കളയുന്നതായ ആ കഠിന ശബ്ദം ഇവൻ (ൾ) കേൾക്കുവാനിടയാകരുതെ. രണ്ടാം മരണം അനുഭവിപ്പാനും "പോവുക ഞാൻ നിന്നെ അറിയുകയില്ല" എന്നു പറയുന്ന ശബ്ദം കേൾപ്പാനും ഇവൻ (ൾക്ക്) സംഗതിയാകരുതെ. ഈ നിന്റെ ദാസൻ (ദാസി) മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവു കൂടാതെയും, ചെയ്തിട്ടുള്ള പാപങ്ങളെയും തിന്മകളെയും നിന്റെ അളവില്ലാത്ത അനുഗ്രഹങ്ങളുടെ മഹത്വപ്രകാരം നീ ക്ഷമിക്കണമെ.

ഹോശൊ.......

**കോലൊ - ഹവീലൊലനപ്ശൊ.....**

(കെണിവഴിയനിശം മോഹങ്ങ.... രീതി)

നാഥാ! രക്ഷയ്ക്കായ് നിൻ കരുണാവാതിൽ മുട്ടുന്നേൻ
രക്ഷാമാർഗ്ഗമെനിക്കു വിലക്കീ - ദുഷ്ടൻ തന്ത്രത്താൽ
പാടാൻ വായ്ക്കും - നീങ്ങാനടികൾക്കും വയ്യാ
സ്നേഹനിധേ! കാട്ടുക കാരുണ്യം
ബാറെക്മോർ.

ശുബഹോ.... മെനഓലം.....

**ഉലകുലയും പടികുരിശിലുയർന്നൊരു-ഗംഭീരാരാവം**
**പൂഴിയിൽ നിന്നാമൃതിഗതരെ വിളി-ച്ചെഴുന്നേൽപ്പിച്ചീടും**
**അവരുടയോൻ തൻ-സുതരുടെ വരവിൻ തേജസ്സിൻ**
**വസ്ത്രമുടു-ത്തെതിരേൽപ്പാനെത്തും.**

(തുടർന്നു മൃതശരീരം സെമിത്തേരിയിലേക്ക് എടുത്തുകൊണ്ട് പോകുന്നു)

വത്സലരേ! ദൂര-ത്തെന്തിനു നില്ക്കുന്നെ-
ന്നരികിൽ വരിൻ ശ്ലോമ്മൊ തരുവിൻ പ്രാർത്ഥിച്ചിടുവിൻ
സങ്കട കീർത്തനമെൻ - പേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

മരണത്തിൻ ദൂതൻ - പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണചെയ്‌വാൻ വന്നില്ലാരും
വിളികൂട്ടുന്നോർക്കായ് - വെളിവാകും നാഥാ!
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ.

വത്സലരേ! സത്യം-ഭയമാർന്നീടുന്നേൻ
കഠിനഭയത്താലെന്നകതാരിളകീടുന്നു,
ജഗതീരക്ഷകനാം-മശിഹാ നൃപനെൻ പേർ-
ക്കാൾവിട്ടതിനാൽ പോകുന്നേൻ സങ്കടപൂർവ്വം
ബാറെക്മോർ-ശുബഹോ-

ഭൂവനനിവാസികളെ! ശുഭമൊടു വാണിടുവിൻ
ലോകമയന്മാർക്കില്ല ഗുണം കാലം മൂലം
പോകുന്നേൻ നൽകാ-നെന്റെ കണക്കെല്ലാം
സർവ്വരഹസ്യ വിധീശൻ തൻ തിരുസന്നിധിയിൽ
മെനഓലം.....

വൈരൂപ്യം സുമുഖർ-ക്കേകും മൃതിയെ നീ
സ്നേഹിതനോടു മോദിപ്പോനെ ഖേദിപ്പിക്കും
വന്നിനി നിൻ ഭരണം-നീക്കി ദുഃഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

പാഴൂഴിയിലുയരും-ശൂശാനപ്പൂക്കൾ
വസ്ത്രം കൈപ്പണിയല്ലാത്തതു ചാർത്തീടുംപോൽ
ആദാം മക്കൾക്കായ്-റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയിർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ

***(മൃതശരീരം കല്ലറയ്ക്കൽ കൊണ്ടുവച്ച്, മുഖശീലകൊണ്ട് മുഖം മൂടിയതിനു ശേഷം, പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇടുന്നു)***

നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ തിരികെ ചേരും. വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും എന്നരുളിചെയ്തപ്രകാരം കർത്താവേ! ഇതാ തിരുവിഷ്ടം നിറവേറിയിരിക്കുന്നു.

ബാറെക്മോർ. ബെശ്മോദാബോ.....

(മൃതശരീരം കല്ലറയിലേക്കിറക്കുന്നു)

**(കോലൊ-ഇൻസൊഹദേ)**

കബറിൽ പൂകിടുമതി വീരൻ-തന്നധികാ-രം
ചെയ്യും-വിസ്മയമാശ്ചര്യം-കൂറും-ദൂതന്മാർ
ചേരും-ചിതറിയൊരല്ലഖിലം-നേടും തേ-ജ
സ്സാത്മാ-വൊടു തനുവും നാശം-കൂടാ-തുയിരേൽക്കും

സ്തുത്യൻ-മാർത്താമറിയം തൻ-സൊദരനാ-കും
ലോവോ-സർ ചീഞ്ഞെന്നാലും-ജീവൻ-കല്പിച്ചോൻ.
നീ ചെ-ന്നപ്പോൾ യായീറോ-സ്സുത ജീവി-ച്ചാൾ
മൃതരന്ത്യത്തിൽ ജീവിക്കും-നിന്നാ-ഹ്വാനത്താൽ.

ബാറെക്മോർ-ശുബഹോ......

മൃതസ-ങ്കേതേ മണ്മയനാ-മാദാമോ-ടായ്
നിയമം-തള്ളിയ-മണ്മയനേ-ഖേദി-ക്കേണ്ടാ നീ
മൃതിയും-ജീവനുമേകീടും-ദൈവസുതൻ-ഞാ
നെന്നോ-തിയ ബഹുബലവാനാം-സ്വർഗ്ഗീയൻ സ്തുത്യൻ

മെനഓലം.........

ചാതുര്യത്തോടു ഭുവനത്തെ-മരണനുക-ത്തിൽ
ബന്ധി-ച്ചൊരു വിജ്ഞൻ സ്രഷ്ടാ-വുന്ന-തരായ്മേവും
നൃപരെ-പദവികളിൽനിന്നും ഭീകരരാ-കും
വിധിക-ർത്താക്കളെ ഭരണത്തിൽ-നിന്നും-നീക്കുന്നു.

തൃപ്പാ-വന തനുവോടുയിരിൻ-രുധിരവുമേ-റ്റൊരു
വിശ്വാ-സികൾ മൃതരേറ്റിടുമീധൂപ-ത്താൽ പുണ്യം
ജീവ-പ്രദനാം മശിഹാനിൻ-ദൈവികമാം വല-
ഭാഗ-ത്തവർ നിലകൊണ്ടങ്ങേ-സ്തുതി-പാ-ടീടട്ടെ.

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

എല്ലാക്കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്കൾക്ക് നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! നിന്നെയും യേശുമിശിഹായായ ഏകപുത്രനാകുന്ന ദൈവമായ കർത്താവേ! വിശുദ്ധ റൂഹായോടു കൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നവനേ ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. വിശുദ്ധ റൂഹായോടു കൂടെ യേശുമിശിഹായായ നീ മാത്രം പിതാവായ ദൈവ

ത്തിന്റെ മഹത്വത്തിന് നിത്യമായി കർത്തവ്യമുള്ളവനുമാകുന്നു.

എല്ലാക്കാലത്തും, ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്വമുള്ളതും നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏക പുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും, ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും പുകഴ്ച ചേർച്ചയാകുന്നു.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

*(അനന്തരം ഒരു കൗമയും വിശ്വാസപ്രമാണവും വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള കുക്കിലിയോനും ചൊല്ലി ധൂപം വയ്ക്കുന്നു. മരിച്ച ആളിന്റെ ഓർമ്മ ദിവസങ്ങളിൽ പള്ളിയിൽ വി. കുർബാന ചൊല്ലുകയും കല്ലറയ്ക്കൽ ധൂപം വയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഭവനങ്ങളിൽ അതിനോടനുബന്ധിച്ചുള്ള ചടങ്ങുകളിൽ വൈദികൻ സംബന്ധിക്കുന്നില്ല)*

✠